**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - ജീവനക്കാര്യം- ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ആസ്ഥാന ഒഴിവിൽ ക്ലാർക്കായി ജോലി ചെയ്യുന്ന ശ്രീമതി.റീജ.ജി-യ്ക്ക് പാലക്കാട് ജില്ലയിൽ ഗ്രാമവികസന വകുപ്പിലേയ്ക്ക് അന്തർവകുപ്പ് സ്ഥലമാറ്റം അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

സ.ഉ. (എം.എസ്) നമ്പർ.92/2017/തസ്വഭവ തിരുവനന്തപുരം, തീയതി: 03/05/2017

---

പരാമർശം :
1. 06/02/2013-ലെ ജി.ഒ (പി) നം. 05/2013/ഉഭപവ.
2. ശ്രീമതി.റീജ.ജി സമർപ്പിച്ച 01/12/2015-ലെ അപേക്ഷ.
3. ഗ്രാമവികസന കമ്മീഷണറുടെ 19/08/2016, 27/12/2016 എന്നീ തീയതികളിലെ 11154/എസ്റ്റാ.സി3/16/ സിആർഡി നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലാ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന ആസ്ഥാന ഒഴിവിൽ ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ക്ലാർക്ക് തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീമതി.റീജ.ജി, പാലക്കാട് ജില്ലയിൽ ഗ്രാമവികസന വകുപ്പിലേയ്ക്ക് അന്തർവകുപ്പ് സ്ഥലംമാറ്റം ലഭിക്കുന്നതിനു വേണ്ടി പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ ശുപാർശ ചെയ്ത് പരാമർശം (3) പ്രകാരം ഗ്രാമവികസന കമ്മീഷണർ സർക്കാരിൽ സമർപ്പിച്ചു. ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പാലക്കാട് ജില്ലയിൽ ഓഫീസോ തസ്തികയോ നിലവിലില്ലെന്നും അന്തർ വകുപ്പ് സ്ഥലം മാറ്റത്തിനായി പാലക്കാട് ജില്ലയിൽ ഒരു ഒഴിവ് നിലവിലുള്ളതായും ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പാലക്കാട് ജില്ലയിൽ ഓഫീസോ തസ്തികയോ നിലവിലില്ലാത്തതിനാൽ ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിൽ ആസ്ഥാന ഒഴിവിൽ ക്ലാർക്ക് തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീമതി.റീജ.ജി-യ്ക്ക് പരാമർശം(1) ഉത്തരവിലെ ഖണ്ഡിക 3(viii)ലെ വ്യവസ്ഥകൾക്ക് വിധേയമായി പാലക്കാട് ജില്ലയിൽ ഗ്രാമവികസന വകുപ്പിലേയ്ക്ക് അന്തർവകുപ്പ് സ്ഥലമാറ്റം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സന്തോഷ് കുമാർ എസ്.ആർ**

**ഡെപ്യൂട്ടി സെക്രട്ടറി**

1) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2) ഡയറക്ടർ, ആരോഗ്യ വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
3) ശ്രീമതി.റീജ.ജി, ക്ലാർക്ക്, ആരോഗ്യ വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
4) അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
5) ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് (22/4/2017 ലെ കെ1/63/2017/ആരോഗ്യം നമ്പർ അനൗദ്യോഗികക്കുറിപ്പ് പ്രകാരം)
6) ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
7) വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂമീഡിയ) വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
8) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ